I/5446021/2022

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നമ്പർ.സി1/98/2022-തൊഴിൽ

06-10-2022,തിരുവനന്തപുരം

ഗവ. സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
10 OCT 2022
ചെങ്കിത്തറ ഭവൻ, വികാസ് ഭവൻ, തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സീനിയർ ക്ലർക്ക് തസ്തികയുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ സീനിയോരിറ്റി പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 29.04.2022-ലെ ഡിടി/150/2022-എ3 നമ്പരിലുള്ള താങ്കളുടെ കത്ത്.

A.
07/10/22
10/10/22
10/10/22

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്.&എസ്.എസ്.ആർ ചട്ടം 28(a)(i) പ്രകാരം, ഒരു തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കാതെ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ, സാധാരണ ഗതിയിലുള്ള പ്രൊബേഷനിലായിരിക്കുന്ന ഒരു സീനിയറിനെ ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പ്തല പരീക്ഷകൾ പാസായിരിക്കുകയും പ്രൊമോഷന് മറ്റ് തരത്തിൽ യോഗ്യനായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവിലുണ്ടായ ഒഴിവിലേയ്ക്ക് ഒരു ജൂനിയർ സീനിയറിനെ മറികടക്കാൻ പാടില്ലെന്ന് ടി ചട്ടത്തിന്റെ പ്രൊവിസോ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ വകുപ്പ് തല പരീക്ഷ പാസാകാത്ത സീനിയറിന് ടി പ്രൊവിസോയുടെ പരിരക്ഷ ലഭിയ്ക്കുകയില്ല. അതായത് സീനിയറിന്റെ പ്രൊബേഷൻ കാലയളവിൽ ടെസ്റ്റ് യോഗ്യത നേടാതെയിരിക്കുകയും അതേസമയം ജൂനിയർ ടെസ്റ്റ് യോഗ്യത നേടുകയും പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജൂനിയർക്ക് സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

സീനിയറായിട്ടുള്ള ജിവനക്കാരന് മുന്നേ ജൂനിയർ പ്രൊബേഷൻ പൂർത്തിയാക്കുന്ന സാഹചര്യങ്ങളിൽ, സ്ഥാനക്കയറ്റത്തിന് സീനിയർക്ക് നൽകിയിട്ടുള്ള സംരക്ഷണമാണ് മേൽ ചട്ടത്തിന്റെ പരിമിത വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ ടെസ്റ്റ് യോഗ്യത നേടിയ പ്രൊബേഷൻ കാലാവധി പൂർത്തിയാകാത്ത സീനിയറിനെ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ തൃപ്തികരമായി പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി പ്രൊമോട്ട് ചെയ്യേണ്ടതുമാണ്. അതോടൊപ്പം ശ്രീ.ഷാജി.കെ.പി, ശ്രീ.പ്രകാശൻ വി.വി. ശ്രീ.ടോണി ജോസഫ്, ശ്രീ.ബിന്ദു.എ.കെ, ശ്രീ.സതീശൻ സി.എം. എന്നിവർ തമ്മിലുള്ള സീനിയോറിറ്റി (Inter seniority) നിശ്ചയിക്കേണ്ടതും മേൽ ചട്ട പ്രകാരമായിരിക്കണമെന്നും ആയതിന് അനുസൃതമായി ഈ വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുമാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Usharani L
Date: 06-10-2022 16:45:52

സെക്ഷൻ ഓഫീസർ.